ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 20.01.2026**

## പ്രധാനവാർത്തകൾ

1) പതിനഞ്ചാം കേരള നിയമ സഭയുടെ പതിനാറാം സമ്മേളനത്തിന് ഗവർണറുടെ നയപ്രഖ്യാപനത്തോടെ തുടക്കം.

2) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കേരളം സമഗ്ര പുരോഗതികൈവരിച്ചതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ; സംസ്ഥാനം സാമ്പത്തിക വളർച്ചയുടെ പാതയിലെന്നും ഗവർണർ.

3) പൊതുജന സേവനങ്ങൾക്കുള്ള എ.ഐ കോൾ സെൻറർ മന്ത്രി എം.ബി.രാജേഷ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

4) ആലപ്പുഴയിൽ കാക്കകൾക്ക് പക്ഷിപ്പനി സ്ഥിരീകരിച്ചു; ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്.

5) ശബരിമല സ്വർണപാളി കേസിൽ പ്രതികളുടെ വീടുകളിൽ ഇ.ഡി പരിശോധന നടത്തി. കേരളം,കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ 21 കേന്ദ്രങ്ങളിലും പരിശോധന.

6) വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും.

***************************************

## ഗവർണർ പ്രസംഗം (ഇൻട്രോ)

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിന് ഗവർണറുടെ നയപ്രഖ്യാപനത്തോടെ തുടക്കമായി. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കേരളം സമഗ്ര പുരോഗതിയും വളർച്ചയും കൈവരിച്ചതായി നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. സംസ്ഥാനം സാമ്പത്തിക വളർച്ചയുടെ പാതയിലാണ്. അടിസ്ഥാനസൗകര്യ വികസന മേഖലയിൽ വൻനേട്ടമുണ്ടാക്കിയ സംസ്ഥാനം അതിദാരിദ്ര്യത്തെ ഉന്മൂലനംചെയ്തും മാതൃകയായി. കേരളത്തിൻറെ സാമൂഹ്യപുരോഗതിയും ശിശുമരണനിരക്ക് ഉൾപ്പെടെയുള്ള സൂചികകളും വികസിതരാജ്യങ്ങളോട് കിടപിടിക്കുന്നതാണെന്നും ഗവർണർ ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയ്സ്..........)

തൊഴിലുറപ്പ് പദ്ധതി ഭേദഗതി ചെയ്തതും കടമെടുപ്പ് പരിധി കുറച്ചതും കേരളത്തിന് പ്രതിസന്ധിയുണ്ടാക്കിയതായും ഗവർണർ പറഞ്ഞു. പ്രതികൂല സാഹചര്യത്തിൽ വികസന-ക്ഷേമ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. അടിസ്ഥാന സൗകര്യ വികസനത്തിലും വ്യവസായങ്ങളുടെ വികസനത്തിലും സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നിലപാട് കൈക്കൊണ്ടതായും ഗവർണർ പറഞ്ഞു. സ്പീക്കർ എ എൻ ഷംസീർ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി എം ബി രാജേഷ് എന്നിവർ ചേർന്നാണ് ഗവർണറെ സഭയിലേക്കു സ്വീകരിച്ചത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ നാളെ രാവിലെ 9 മണിക്ക് ചേരും.

***************************************

RNU TVPM

## നയപ്രഖ്യാപനം മുഖ്യമന്ത്രി

നയ പ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ മാറ്റം വരുത്തിയതായി മുഖ്യമന്ത്രി. മന്ത്രി സഭ അംഗീകരിച്ച നയപ്രഖ്യാപനത്തിൽ ഗവർണർ മാറ്റം വരുത്തിയത് ചട്ട ലംഘനമാണെന്ന് സ്പീക്കർ എ.എൻ ഷംസീർ പറഞ്ഞു. നയപ്രഖ്യാപനം അസത്യങ്ങൾ നിറഞ്ഞതാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു.

***************************************

## സ്മാർട്ടി

പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ സുഗമവും സുതാര്യവുമാക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ഒരുക്കിയ എ ഐ കോൾ സെൻറർ മന്ത്രി എം ബി രാജേഷ് ഇന്ന് തിരുവനന്തപുരത്ത് ഉത്ഘാടനം ചെയ്യും. സ്മാർട്ടി എന്ന പേരിലാണ് AI അധിഷ്ഠിതമായ വെർച്ച്യുൽ അസിസ്റ്റന്റിനെ അവതരിപ്പിക്കുന്നത്. എല്ലാ ദിവസവും മുഴുവൻ സമയവും വിവരങ്ങൾ ലഭ്യമാക്കുന്ന സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്.

RNU TVPM

***************************************

## പക്ഷിപ്പനി-ആലപ്പുഴ പിടിസി (ഇൻട്രോ)

ആലപ്പുഴയിൽ പക്ഷിപ്പനി ഭീതി തുടരുന്നു. കാക്കൾക്കും പക്ഷി പനി സ്ഥിരീകരിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ.രവികുമാർ....**

(വോയിസ്)

***************************************

## ഇ.ഡി പരിശോധന

ശബരിമല സ്വർണ്ണപാളികേസിൽ പ്രതികളായവരുടെ വീട്ടിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പരിശോധന നടത്തി. മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് എ പത്മകുമാർ, ഉണ്ണികൃഷ്ണൻ പോറ്റി, എൻ വാസു എന്നിവരുടെ വീടുകളിലും ദേവസ്വം ബോർഡ് ആസ്ഥാനത്തുമാണ് റെയ്ഡ് നടന്നത്. കേരളം, കർണാടക,തമിഴ്നാട് സംസ്ഥാനങ്ങളിലെ 21 കേന്ദ്രങ്ങളിലും പരിശോധന നടത്തുന്നുണ്ട്. അതേസമയം ഹൈക്കോടതിയുടെ നിർദേശപ്രകാരം കൂടുതൽ തെളിവെടുപ്പിനായി പ്രത്യേക അന്വേഷണസംഘം സന്നിധാനത്ത് പരിശോധന

നടത്തുകയാണ്.

RNU TVPM

***************************************

## ഇ.ഡി പരിശോധന—കെ ജയകുമാർ

ശബരിമലയുമായി ബന്ധപ്പെട്ട ഇ.ഡി പരിശോധനകളെ സ്വാഗതം ചെയ്യുന്നതായി തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് കെ.ജയകുമാർ. ദേവസ്വം ബോർഡിൽ വിശ്വാസം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കണം. ഭാവിയിൽ ഇത്തരം കാര്യങ്ങൾ ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്തണം. ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കണമെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

***************************************

## സ്വർണക്കൊള്ള കേസ്-കസ്റ്റഡി

ശബരിമല സ്വർണപാളി കേസിൽ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ശ്രീകുമാറിനെ പ്രത്യേക അന്വേഷണസംഘത്തിൻ്റെ കസ്റ്റഡിയിൽ വിട്ടു. കൂടുതൽ ചോദ്യം ചെയ്യാൻ ശ്രീകുമാറിനെ കസ്റ്റഡിയിൽ വേണമെന്ന SIT യുടെ അപേക്ഷയിലാണ് കൊല്ലം വിജിലൻസ് കോടതി ഒരുദിവസത്തെ കസ്റ്റഡി അനുവദിച്ചത്. ചോദ്യം ചെയ്തശേഷം ഇന്ന് വൈകിട്ട് ശ്രീകുമാറിനെ തിരികെ കോടതിയിൽ ഹാജരാക്കും.

**************************************

## ശബരിമല ജാമ്യം

അതേസമയം കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് ആദ്യ കേസിൽ കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. ഉപാധികളോടെയാണ് ജാമ്യം. ദ്വാരപാലകകേസിൽ അറസ്റ്റിലായി 90 ദിവസംകഴിഞ്ഞിട്ടും പ്രത്യേക അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ജാമ്യം. സാങ്കേതികമായി ജാമ്യം ലഭിച്ചെങ്കിലും കട്ടിളപ്പാളി കേസിൽ റിമാൻഡിൽ തുടരുന്നതിനാൽ പോറ്റിക്ക് ജയിലിൽ തുടരേണ്ടിവരും.

**************************************

## രാംദാസ് അത് വാലെ

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത് വാലെ രണ്ടുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിൽ എത്തും. നാളെ രാവിലെ കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം നാളെ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. വ്യാഴാഴ്ച രാവിലെ കോഴിക്കോട്ടേക്ക് പോകും.

RNU TVPM

***************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

***************************************

## ചർച്ച

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെക്കുറിച്ചുള്ള ചർച്ചയുടെ അവസാന ഭാഗം ഇന്ന് ഉച്ചയ്ക്ക് 1.45ന് കേൾക്കാം. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട് - വിഴിഞ്ഞം റീജിയണൽ സെൻററിലെ സീനിയർ സയൻറിസ്റ്റ് ഡോക്ടർ സൂര്യ എസ് സംസാരിക്കും.

RNU TVPM

***************************************

## ശബരിമല-പത്തനംതിട്ട പിടിസി (ഇൻട്രോ)

മകരവിളക്ക് കാലത്തിനു സമാപനം. ശബരിമല നട ഇന്നു രാവിലെ അടച്ചു. തിരുവാഭരണ മടക്കഘോഷയാത്ര ആരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ......**

(വോയിസ്)

*************************************

## <u>ആലപ്പുഴ - അവധി</u>

ആലപ്പുഴയിലെ പ്രസിദ്ധമായ അർത്തുങ്കൽ ബസിലിക്കയിലെ തിരുനാൾ ഇന്ന്. അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ ഇന്ന് പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

*************************************

## <u>വനിതാ ക്രിക്കറ്റ്</u>

RNUTVPM

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും. വൈകുന്നേരം 7.30ന് വഡോദര അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ഗുജറാത്ത്

ജയന്റ്സിനെ 61 റൺസിന് പരാജയപ്പെടുത്തിയിരുന്നു.

*************************************

## <u>സന്തോഷ് ട്രോഫി</u>

അസമിൽ നടക്കുന്ന സന്തോഷ് ട്രോഫി ഫുട്ബാൾ മത്സരത്തിൽ പങ്കെടുക്കുന്ന കേരള ടീം നെടുമ്പാശേരിയിൽ നിന്ന് പുറപ്പെട്ടു. കേരള പൊലീസ് താരം ജി.സഞ്ജുവിന്റെ നേതൃത്വത്തിൽ 22 താരങ്ങൾ ഉൾപ്പെടെ 28 പേരാണ് സംഘത്തിലുള്ളത്. നാളെ മുതൽ ഫെബ്രുവരി എട്ട് വരെയാണ് മത്സരങ്ങൾ. കേരളത്തിന്റെ ആദ്യം മത്സരം 22 ന് പഞ്ചാബിനെതിരെ നടക്കും.

**************************************

## കേരള കുംഭമേള

കേരള കുംഭമേളയെന്ന് വിശേഷിപ്പിക്കുന്ന പ്രഥമ മഹാമാഘ മഹോത്സവത്തോടനുബന്ധിച്ച് തിരുനാവായയിൽ നിളാ ആരതി ആരംഭിച്ചു. മഹാമാഘം അവസാനിക്കുന്ന ഫെബ്രുവരി 3 വരെ എല്ലാ ദിവസവും സന്ധ്യാ സമയത്തായിരിക്കും ആരതി.

**************************************

## പാർലമെന്റ് -ബജറ്റ്

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും.

RNU TVPM

**************************************

## കണക്ട് ടു വർക്ക്

സംസ്ഥാന സർക്കാരിൻറെ 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. തൊഴിൽ നൈപുണ്യ വികസനത്തിനായി പരിശീലനം നേടുന്നവർക്കും വിവിധ മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്കുമുള്ള സാമ്പത്തിക കൈത്താങ്ങാണിത്. പദ്ധതി പ്രകാരം

തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം ഒരു വർഷക്കാലം ധനസഹായമായി ലഭിക്കും.

*****************************************************************
*************************************

RNU TVPM